I ഇ.ബി. XIV - കേരള നിയമസഭ /XIII-4

**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 നവംബർ 30, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ശബരിമല വിഷയവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയ നോട്ടീസ് ചോദ്യോത്തരവേള റദ്ദുചെയ്ത് പരിഗണനയ്ക്കെടുക്കണമെന്ന ആവശ്യം അനുവദിക്കാത്തതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 9.16-ന് തുടർന്നുള്ള ചോദ്യോത്തരവേള റദ്ദുചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

(ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്യുകയും മറുപടികൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.)

## I മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## II റിപ്പോർട്ടുകളുടെ സമർപ്പണം

(1) 2018-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## III അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബിൽ

ശ്രീ. എൽദോ എബ്രഹാം: 2018-ലെ കേരള ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ശുചീകരണ തൊഴിലാളികളുടെ സുരക്ഷിതത്വം സംബന്ധിച്ച് നിലവിൽ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതിനാൽ ഇതുസംബന്ധിച്ച് പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എൽദോ എബ്രഹാം: പ്രസ്തുത ബില്ലിന്മേൽ ചർച്ച തുടരണം.

(ചർച്ച തുടരും)

(ii) 2018-ലെ കേരള സ്വകാര്യ സ്ഥാപനങ്ങൾ മുഖേന വീട്ടുജോലിക്കും മറ്റു വിവിധ സേവനങ്ങൾക്കും നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(പ്രമേയാവതാരകർ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്തുത ബില്ലുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച:

(i) 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ

ശ്രീ. എസ്. രാജേന്ദ്രൻ: ചർച്ച തുടരണം.

(ചർച്ച തുടരും)

(ii) 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

(പ്രമേയാവതാരകൻ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്തുത ബിൽ അവതരിപ്പിക്കപ്പെട്ടില്ല.)

(iii) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: ചർച്ച തുടരണം.

(ചർച്ച തുടരും)

സഭ രാവിലെ 9.22-ന് പിരിഞ്ഞു.